"ഭരണഭാഷ– മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് – തോട്ടപ്പള്ളി, കാസർഗോഡ്, കായംകുളം, നീണ്ടകര, മുനമ്പം തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളിലെ വിവിധ പ്രവർത്തികൾ – ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.177/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 01/03/2019

---

പരാമർശം:- 1 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.04.2018 തീയതിയിലെ ഡി12/18625/18/സിഇ നമ്പർ കത്ത്.

2 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.02.2019 തീയതിയിലെ എച്ച്ഇസിഇ/15094/17-ഡി4 നമ്പർ കത്ത്.

## ഉത്തരവ്

തോട്ടപ്പള്ളി, കാസർഗോഡ്, കായംകുളം, നീണ്ടകര, മുനമ്പം തുടങ്ങിയ 5 മത്സ്യബന്ധന തുറമുഖങ്ങളിലെ വിവിധ പ്രവർത്തികൾ നബാർഡ് RIDF XXIV ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി പരാമർശം( 1 ) പ്രകാരം ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നൽകിയ പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിലേക്ക് ശുപാർശ ചെയ്തിരുന്നില്ല.. ആയതിനാൽ ടി പ്രൊപ്പോസലുകൾ സ്റ്റേറ്റ് ഷെയറിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചീഫ് എഞ്ചിനീയറുടെ ശുപാർശ പരിഗണിച്ചും മേൽ പ്രവർത്തികൾ ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള തീരദേശവികസന പദ്ധതിയിൽപ്പെടുന്ന പ്രവർത്തനങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതാകയാലും പദ്ധതികൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- Second stage development of Thottappally Fishing Harbour – Phase I – (Rs. 13.38 Cr)
- Extension of breakwaters of Kasaragod Fishing Harbour – (Rs. 17.20 Cr)
- Second stage development of Kayamkulam Fishing Harbour – Phase I – (Rs. 8.44 Cr)
- Second Stage development of Neendakara Fishing Harbour – (Rs. 5.11 Cr)
- Extension of North breakwater of Munambam Fishing Harbour (Rs. 10.57 Cr)

3)പദ്ധതി വിഹിതമായി അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ 4405 മെയിൻ ഹെഡിൽ നിന്നും വഹിക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ